(ബി) ഉണ്ട്.

(സി) ഉത്തരം 'എ'യിൽ കൊടുത്തിരിക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും കൂടി 513 കോടി രൂപയാണ് 2003-04 ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നത്.

(ഡി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

(ഇ) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

(എഫ്) നടപടി സ്വീകരിച്ചു കഴിഞ്ഞു.

ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി ജീവനക്കാർക്കുള്ള പരിശീലനം

2 (2097) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എ. പി. അനിൽ കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി എല്ലാ വിഭാഗത്തിലുംപ്പെട്ട മുഴുവൻ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുവാൻ ഉദ്ദേശം ഉണ്ടോ ;

(ബി) ഈ പരിശീലനത്തിന് മേൽനോട്ടം വഹിക്കുവാൻ കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആരെയെല്ലാമെന്നും അവരുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി സർക്കാർ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്ന കാര്യം പരിഗണനയിലുണ്ട്. ഇതിന്റെ വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി&സി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

ഭരണ നവീകരണ പരിപാടികൾ

3 (2098) ശ്രീ. മഞ്ഞളാംകുഴി അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ നവീകരണ പരിപാടികൾക്ക് ഏതെങ്കിലും വിദേശ സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഭരണ നവീകരണ പരിപാടികൾ തുടക്കത്തിൽ ഏതൊക്കെ വകുപ്പുകളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഏഷ്യൻ ഡവലപ്മെന്റ് ബാങ്കും നെതർലന്റ് സർക്കാരും കേന്ദ്ര ഗവൺമെന്റ് വഴി ലഭ്യമാക്കുന്ന ധനസഹായം ഉപയോഗിച്ചാണ് ഭരണ നവീകരണ പരിപാടികൾ നടപ്പിലാക്കുന്നത്.

(ബി) ഭരണ നവീകരണ പരിപാടിക്ക് വേണ്ടി 93 ഉദ്യമങ്ങളുടെ പശ്ചാത്തല രൂപരേഖ സർക്കാർ അംഗീകരിക്കുകയും പൊതു ചർച്ചകൾക്കായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

പ്രോട്ടോക്കോൾ സംബന്ധമായ ഉത്തരവ്

4 (2100) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിച്ച പ്രോട്ടോക്കോൾ സംബന്ധമായ ഉത്തരവിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരള സർക്കാരിന്റെ പ്രോട്ടോക്കോൾ സംബന്ധമായ എല്ലാ കാര്യങ്ങൾക്കും മാർഗ്ഗ നിർദ്ദേശമായി വർത്തിക്കുന്നത് 'പ്രോട്ടോക്കോൾ മാന്യുവലും' ഗവൺമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുമാണ്. ഈ ഉത്തരവുകളിൽ പ്രധാനപ്പെട്ട ഒന്നാണ് 1996-ൽ പുറപ്പെടുവിച്ച 66398/po.1/95/GAD-ാം നമ്പർ നോട്ടിഫിക്കേഷൻ. ഇതിൽ സംസ്ഥാന ചടങ്ങുകളിൽ പങ്കെടുക്കുന്ന പ്രമുഖ വ്യക്തികളുടെ മുൻഗണനാക്രമം (order of precedence) ആണ് പ്രതിപാദിച്ചിട്ടുള്ളത്. ഈ ഉത്തരവിൽ തന്നെ നോട്ട് 1-ൽ ഇതൊന്നും ഗവൺമെന്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ദൈനംദിന ചടങ്ങുകൾക്ക് ബാധകമല്ല എന്ന് പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്. സർക്കാരിന്റെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചടങ്ങുകളിൽ എം. എൽ. എ. മാരുടെയും എം. പി. മാരുടെയും സ്ഥാനം വ്യക്തമാക്കിക്കൊണ്ട് മൂന്ന് സർക്കുലറുകളും ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്.

(1) സർക്കുലർ 34612/pol. 1/02/GAD dt. 18-5-2002

(2) സർക്കുലർ 38454/pol. 1/02/GAD dt. 30-5-2002

(3) സർക്കുലർ 51613/pol. 1/02/GAD dt. 23-6-2003

(ബി) താഴെ പറയുന്ന ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly